Sri. D. Gnanasigamoni: Have the Government an idea of the amount of deposits in the Anchal Savings Bank?

ശ്രീ. എ. ജെ. ജോൺ: അഞ്ചൽ സേവിംഗ്സ് ബാങ്കിലെ ഡിപ്പോസിറ്റ് എമൗണ്ട് ബഡ്ജറ്റിൽതന്നെയുണ്ട്.

ശ്രീ. എ. താണുപിള്ള: ആകപ്പാടെയുള്ള റണ്ണിംഗ് അക്കൗണ്ട് അനുസരിച്ച് സേവിംഗ്സ് ബാങ്ക് എമൗണ്ട് ഇൻഡ്യാ ഗവണ്മെൻറ് എടുത്തുകഴിഞ്ഞാൽ, ഇൻഡ്യാ ഗവണ്മെൻറിൻറെ കയ്യിൽ അതായത് കാലത്തിരിക്കുന്ന സംഖ്യയിൽനിന്ന് ഡിപ്പോസിറ്റുകാക്ക് കൊടുത്താൽ, ആ തുക ഈ ഗവണ്മെൻറ് ഇൻഡ്യാ ഗവണ്മെൻറിനു കൊടുക്കണമെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവണ്മെൻറ് അതിൻറെ ഭാരം മുഴുവൻ ഏറ്റെടുക്കുകയാണെങ്കിൽ ഡിപ്പോസിറ്റുകാർ പത്തോ പതിനഞ്ചോ ലക്ഷം രൂപാ ആവശ്യപ്പെട്ടാലും അതു് ഇൻഡ്യാ ഗവണ്മെൻറ് കൊടുക്കും. ആ തുക തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിനു കൊടുക്കണം.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവണ്മെൻറിനെ ഏല്പിക്കുന്ന തുകയിൽ കൂടുതൽ സംഖ്യ ഇൻഡ്യാ ഗവണ്മെൻറ് കൊടുക്കുകയാണെങ്കിൽ ആ സംഖ്യ ഇൻഡ്യാ ഗവണ്മെൻറിനു കൊടുക്കണമെന്നാണോ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവണ്മെൻറിനു പണമൊന്നും കൊടുക്കുന്നില്ല. അതിൻറെ ഉത്തരവാദിത്വംമാത്രമേ ഇൻഡ്യാ ഗവണ്മെൻറ് ഏറ്റെടുക്കുന്നുള്ളൂ. എന്നാൽ അതിൻറെ അറേഞ്ച്മെൻറ് അനുസരിച്ച് ഈ സംഖ്യ ഇൻഡ്യാ ഗവണ്മെൻറിനു കൊടുക്കേണ്ടതായി കണക്കാക്കണം. ഡിപ്പോസിറ്റുകാർ ആവശ്യപ്പെടുന്ന തുക ഇൻഡ്യാ ഗവണ്മെൻറ് കൊടുത്താൽ ആ തുക ഈ ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിനു കൊടുക്കണം.

Sri. P. S. Nataraja Pillai: Am I to understand that in future withdrawals will be met by the Travancore-Cochin Government and the deposits will be credited to the Central Government?

Sri. A. J. John: In effect, it will be so.

ശ്രീ. പി. ചാക്കോ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം ഇപ്പോൾ ഉള്ളതിൽ കുറയ്ക്കുകയില്ല എന്നു വ്യവസ്ഥയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഉള്ളതിൽ കുറയ്ക്കുകയില്ല എന്നല്ല കൂട്ടുകയും ചെയ്യും.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ട്മെൻറിൽനിന്ന് ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭവന നിർമ്മാണം

* ൧൯൯ (൧൦) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ൧൯൪൦–ൽ എത്ര ഭവനങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ട്? അതിൽ എത്രയെണ്ണത്തിൽ ആരംപാർപ്പു തുടങ്ങി?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ൧൫൧ ഭവനങ്ങൾ. കന്യാകുമാരി ൧൭; കൊല്ലം ൧൦; ആലപ്പുഴ ൨൪; തേവര ൨൪; ഇരിങ്ങാലക്കുട ൨൪; തിരുവനന്തപുരം ൩൦; പുനലൂർ ൧൫; കുമരകം ൧൦; ആലുവാ ൨൪. തി

LIBRARY ARCHIVES Kerala Legislative Assembly

രുവനന്തപുരത്തുള്ള ന. ം വിട്ടകം ഒഴിച്ചുള്ള എല്ലാ ഭവനങ്ങളിലും ആം പാർ പ്പ് തുടങ്ങി.

Sri. P. Balakrishnan Tampi: May I know whether it cannot be arranged that this question will be answered by the Minister every day? (Laughter.)

(No. answer.)

ഫിഷറി ഇൻസ്പെക്ടറന്മാർ

*ക ൨ ം ം (ക ക) **ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്:** താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജനത്തിനു മുൻപേ തിരുവിതാംകൂറിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നു ;

(ബി) കൊച്ചിയിൽ, ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നോ;

(സി) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ട്;

(ഡി) അവരിൽ പഴയ കൊച്ചിപ്രദേശത്തു് എത്രപേർ; തിരുവിതാംകൂർ പ്രദേശത്തു എത്രപേർ;

(ഇ) ഫിഷറി ഇൻസ്പെക്ടർ ഉദ്യോഗത്തിനു ഗവൺമെൻറ നിശ്ചയിച്ചിരിക്കുന്ന പരീക്ഷായോഗ്യത എന്താണു് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ന ഫിഷറി ഇൻസ്പെക്ടറന്മാർ.

(ബി) ഉണ്ടായിരുന്നു.

(സി) വ പേർ.

(ഡി പഴയ കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു് മൂന്നും.

(ഇ) ബി. എ. ഡിഗ്രിയും, ഫിഷറി പരിശീലനവും.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു മൂന്നും ഇൻസ്പെക്ടറന്മാർ ആകാൻ കാരണമെന്താണു് ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ ഫിഷറീസ് ആദ്യം യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നു. കൊച്ചിയിൽ ഫിഷറീസ് ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിലായിരുന്നു. ഇപ്പോൾ ഇവിടത്തെ ഫിഷറീസും ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിലാക്കിയിട്ടുണ്ടു്. ഇതു് റീഅറ്റ്ജസ്റ്റുചെയ്തു് ഒരേ ലവലിൽ കൊണ്ടുവരുവാൻ പോകുകയാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചി ഡിവിഷനിൽ ഇവിടത്തേക്കാൾ കൂടുതൽ ഇൻസ്പക്ടറന്മാർ ആകാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മാറുവാൻ പോകുകയാണു്. അവിടെ ഇൻസ്പക്ടറന്മാർ വരുവാനുള്ള കാരണമാണു് ഞാൻ മുമ്പു പറഞ്ഞതു്. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ കുറെ ഡിവിഷൻസായിട്ടു് തിരിച്ചു് ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഫിഷറി ഡവലപ്പുമെൻറ സ്കീം നടപ്പിൽ വരുത്തുവാനാണു് ഗവർമ്മെൻറ് നിശ്ചയിച്ചിരിക്കുന്നതു്. അപ്രകാരം റീ ആറ്റ്ജസ്റ്റുമെൻറ് ചെയ്യുമ്പോൾ രണ്ടു സ്ഥലത്തും ഒരേ ലവലിൽ വരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly